(എ) പിറവം നിയോജകമണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി-യുടെ സബ് ഡിപ്പോ തുടങ്ങണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) സബ് ഡിപ്പോ ആരംഭിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി ചോദ്യം ഉദിക്കുന്നില്ല.

(സി) കോർപ്പറേഷന്റെ ഇപ്പോഴത്തെ തീരുമാനമനുസരിച്ച് കെ.എസ്. ആർ.ടി.സി. ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ അംഗീകാരവും താഴെ പ്പറയുന്ന സൗകര്യങ്ങളും നൽകേണ്ടതാണ്;

1. മെയിൻ റോഡിനു സമീപത്തായി റോഡിന്റെ അതേ നിരപ്പിലും വെള്ളപ്പൊക്കം ബാധിക്കാത്തതുമായ ചുറ്റുമതിലോടുകൂടിയ 4 ഏക്കർ ഭൂമി.

2. കോർപ്പറേഷൻ നിർദ്ദേശിക്കുന്ന അളവിലുള്ള ഓഫീസ്, സ്റ്റേഷൻ മാസ്റ്ററുടെ ഓഫീസ് എന്നിവ പ്രവർത്തിക്കുന്നതിനു ആവശ്യമായ കെട്ടിടങ്ങൾ, വിശ്രമമുറികൾ, ടോയ്ലെറ്റ് സൗകര്യങ്ങൾ.

3. 4 ബേ ഗ്യാരേജ്

4. ജലവിതരണ സംവിധാനങ്ങൾ. കൂടാതെ

5. ഗ്യാരേജ് ഉൾപ്പെടെ എല്ലാ കെട്ടിടങ്ങളും വൈദ്യുതീകരിച്ചിരിക്കണം.

79 (1120) ആർ. തുളസീധരൻ നായരുടെ ശമ്പളവും പെൻഷനും

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ എച്ച്.വി.എസ്. കുറ്റിക്കാട് കൊടിത്തം കൃഷ്ണവിലാസത്തിൽ ആർ. തുളസീധരൻ നായർ സർവ്വീസിൽനിന്നും എന്നാണ് വിരമിച്ചതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സൂപ്പർവൈസർക്ക് തൻമാസത്തെ ശമ്പളവും തുടർന്നുള്ള പെൻഷനും കൊടുത്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് കൊടുക്കുന്നില്ല എന്നറിയിക്കുമോ;

(ഡി) അദ്ദേഹത്തിനു എന്നുമുതൽ പെൻഷൻ കൊടുത്തുതുടങ്ങുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 30.11.99-ൽ

(ബി) ഇല്ല

LIBRARY ARCHIVES Kerala Legislative Assembly

(സി) അദ്ദേഹത്തിന്റെ ബാദ്ധ്യതകൾ പരിശോധിച്ച് തിട്ടപ്പെടുത്തിയ ശേഷം തൻമാസത്തെ ശമ്പളം കൊടുക്കുന്നതാണ്. 11/99 ൽ നടപ്പിൽ വരുത്തിയ പുതിയ ശമ്പളം പരിഷ്ക്കരണം അനുസരിച്ച് അദ്ദേഹത്തിന്റെ ശമ്പളം നിശ്ചയിച്ച് കിട്ടുന്നതിലുണ്ടായ കാലതാമസംമൂലമാണ് പെൻഷൻ അനുവദിക്കാൻ വൈകിയത്.

(ഡി) പെൻഷൻ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

80 (1121) ചിറയിൻകീഴ്-മുരുക്കുംപുഴ തീരദേശ റൂട്ടിലെ യാത്രാക്ലേശം

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ്-മുരുക്കുംപുഴ-കണിയാപുരം തീരദേശ റൂട്ടിലെ യാത്രാക്ലേശം രൂക്ഷമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ചിറയിൻകീഴ്-കണിയാപുരം ബസ് സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ആറ്റിങ്ങൽ ഡിപ്പോയിൽനിന്ന് ചിറയിൻകീഴ് മുരുക്കുംപുഴ റൂട്ടിൽ എത്ര ഷെഡ്യൂളുകൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ ഷെഡ്യൂളുകളിൽ എത്രയെണ്ണം നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ റദ്ദു ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത റൂട്ടിൽ രൂക്ഷമായ യാത്രാക്ലേശം ഇപ്പോൾ നിലവിലില്ല.

(ബി) ബസ്സുകളുടെ അപര്യാപ്തതമൂലം പ്രസ്തുത സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

(സി) 13 ഷെഡ്യൂളുകൾ സർവ്വീസ് നടത്തുന്നു.

(ഡി) ജീവനക്കാരുടെയും ബസിന്റെയും അപര്യാപ്തത കാരണം ചില ദിവസങ്ങളിൽ പ്രത്യേക സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്നല്ലാതെ ഈ സർവ്വീസുകൾ തുടർച്ചയായി റദ്ദു ചെയ്തിട്ടില്ല.

81 (1122) കെ.എസ്.ആർ.ടി.സി. കിളിമാനൂർ ഡിപ്പോയിൽ പൂർത്തിയാക്കാനുള്ള പണികൾ

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കിളിമാനൂർ സബ് ഡിപ്പോയിലെ അവശേഷിക്കുന്ന പണികൾ പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലേക്കുവേണ്ടി എന്തു തുകയാണ് വകകൊള്ളിച്ചിട്ടുള്ളത്; അതിൽ എന്തു തുക ഇതിനകം ചെലവാക്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly